# അതിജീവനം തേടുന്ന ആദിവാസി ഭാഷകൾ

ഡോ. ബാവ .കെ പാലുകുന്ന്

ഭാഷയും സംസ്കാരവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഓരോ ജനവിഭാഗവും നൂറ്റാണ്ടുകളിലൂടെ ആർജ്ജിച്ച സാംസ്കാരിക സവിശേഷതകളെല്ലാം അവരുടെ ഭാഷയിലും തെളിഞ്ഞും കിടപ്പുണ്ടാകും. അതിനാൽ ഒരു ജനതയുടെ സംസ്കാരപഠനത്തിൽ നിന്നും അവരുടെ ഭാഷയെ ഒഴിച്ചു നിർത്താനാവില്ല.

വ്യക്തി എന്ന നിലയിൽ നാമോരോരുത്തരും പ്രയോഗിക്കുന്ന ഭാഷയിലും ഈ സാംസ്കാരിക മുദ്രകളുണ്ട്. സമൂഹത്തിൽ പ്രായംചെന്ന ആളുകളുടെ ഭാഷ ശ്രദ്ധിച്ചു നോക്കൂ; ജീവിതാനുഭവങ്ങളിലൂടെ അവരാർജ്ജിച്ച അറിവും, സംസ്കൃതിയുമെല്ലാം അവരുടെ സംഭാഷണങ്ങളിൽ പ്രതിഫലിക്കുന്നതു കാണാം. പഴമക്കാരുടെ ഭാഷണത്തിൽ നിറഞ്ഞു നിൽക്കുന്ന ശൈലികളോ, ചൊല്ലുകളോ യുവതലമുറയുടെ ഭാഷയിൽ കാണാനിടയില്ല. നമ്മുടെ ജീവിതരീതിയിലും കാഴ്ചപ്പാടിലും വരുന്ന വ്യതിയാനങ്ങൾ ഭാഷയിൽ പ്രത്യക്ഷപ്പെടുന്നത് സ്വാഭാവികം മാത്രമാണ്.

ഈ പശ്ചാത്തലത്തിൽ ഒരു ഭാഷയുടെ തിരോധാനം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വിചിന്തനത്തിന് ഏറെ പ്രാധാന്യമുണ്ട്. ഒരു കാലത്ത് സജീവമായി നിലനിന്നിരുന്ന ഭാഷകൾ ലോകത്തുനിന്നും പൂർണ്ണമായും അപ്രത്യക്ഷമായതിന് നിരവധി ഉദാഹരണങ്ങളുണ്ട്. ആമസോണിയൻ ഭാഷയായ 'അരിക്കാപ്പു' സംസാരിച്ചിരുന്ന അവസാനത്തെ രണ്ട് വ്യക്തികളും മരിച്ചതോടെ, ആ ഭാഷയും ചരിത്രമായത് പത്ത് വർഷം മുമ്പാണ്. അതുപോലെ ആശയവിനിമയോപാധി എന്ന തലത്തിൽനിന്നും മാറി അക്കാദമിക തലങ്ങളിൽ മാത്രം നിലനിൽക്കുന്ന ഭാഷകളെയും കാണാം. സംസ്കൃത ഭാഷ ഉദാഹരണം.

അധിനിവേശശക്തികൾ അവരുടെ ഭാഷയും സംസ്കാരവുമെല്ലാം തദ്ദേശീയരുടെ മേൽ അടിച്ചേൽപ്പിച്ചതിന്റെ ഫലമായി, നില പരുങ്ങലിലായ ഭാഷകളും ഏറെയാണ്. അധിനിവേശഭാഷകളുടെ മേധാവിത്വം ദീർഘകാലം തുടർന്നാൽ ജനങ്ങളുടെ മാതൃ ഭാഷകൾ വിസ്മൃതിയിലാവും. ഏതെങ്കിലും വിദേശശക്തികളുടെ കോളനിയായി കഴിയേണ്ടി വന്നിരുന്ന രാജ്യങ്ങളിലെല്ലാം തദ്ദേശഭാഷകൾ അടിച്ചമർത്തപ്പെട്ടിട്ടുണ്ട്. ഇന്ത്യയുൾപ്പെടെയുള്ള മൂന്നാം ലോകരാജ്യങ്ങളുടെ പിന്നാക്കാവസ്ഥയുടെ കാരണങ്ങളിൽ ഇത്തരം ഘടകങ്ങളും പ്രവർത്തിച്ചതായി കാണാം. മാതൃഭാഷയ്ക്കു പകരം, മറ്റൊരു ഭാഷ വിദ്യാഭ്യാസ തൊഴിൽമേഖലകളിലെ മാധ്യമമായി സ്വീകരിക്കുന്ന നാടുകളിൽ വികസന രംഗത്ത് വലിയ പ്രതിസന്ധികളുണ്ടാവുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

നമ്മുടെ നാട്ടിലെ വിവിധ ആദിവാസി ജനവിഭാഗങ്ങളെല്ലാം സ്വന്തമായ ഭാഷയും സംസ്കാരവും കാത്തുസൂക്ഷിച്ചവരാണ്. സമീപകാലം വരെ മറ്റു ജനവിഭാഗങ്ങളിൽ നിന്നകന്ന് സ്വന്തമായ കൂട്ടായ്മ നിലനിർത്തിപ്പോന്നവരാണിവർ. ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ, ഭക്ഷണം, വസ്ത്രധാരണം, ഗൃഹനിർമ്മാണം, ചികിത്സ എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും തനതായ സ്വത്വം സംരക്ഷിക്കാൻ യത്നിച്ച ഗോത്ര ജനത ഇന്നു വലിയ വെല്ലുവിളികൾ നേരിട്ടു കൊണ്ടിരിക്കുന്നു. പ്രകൃതിയോടിണങ്ങി

ജീവിക്കുന്നതിലും, സഹകരണ മനോഭാവം, ഒരുമ എന്നിവയിലധിഷ്ഠിതമായ സാമൂഹിക ക്രമം നിലനിർത്തുന്നതിലും, ഗോത്രജനതയെ ആർക്കും വെല്ലാനാകുമായിരുന്നില്ല.

എന്നാൽ 'പ്രാകൃതാചാരങ്ങളിൽനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും മുക്തമാക്കി' അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരികയെന്നത് ഭരണകൂടത്തിന്റെയും ചില സന്നദ്ധ സംഘടനകളുടെയും മുഖ്യ ലക്ഷ്യമായി മാറിയതോടെ പ്രശ്നങ്ങളാരംഭിച്ചു. ഒപ്പം ജീവിത സാചര്യങ്ങളിലും, ചുറ്റുപാടുകളിലും വന്ന മാറ്റവും അവരെ പ്രതികൂലമായി ബാധിച്ചു. പരമ്പരാഗതമായി ശീലിച്ചു പോന്ന കാർഷികജോലികൾ കുറഞ്ഞു. പ്രകൃതിയിൽനിന്നും ശേഖരിച്ചിരുന്ന ഭക്ഷ്യവസ്തുക്കളും ഔഷധസസ്യങ്ങളും കിട്ടാക്കനിയായി. കാടിന്റെ മക്കൾ കാലാന്തരത്തിൽ ഭൂരഹിതയായി മാറി. മരിച്ചാൽ സംസ്കരിക്കാനുള്ള ആറടി മണ്ണിനുപോലും മറ്റുള്ളവർ കനിയണമെന്നായി. ജനിതകരോഗമായ സിക്കിൾസെൽ അനീമിയയോടൊപ്പം ക്യാൻസർ, ക്ഷയം മുതലായ മാരകരോഗങ്ങളും, ഇവരെ വേട്ടയാടി. തൊഴിൽ തേടി കുടകിലേക്കു പോയവർ, ജീവച്ഛവങ്ങളായി തിരികെയെത്തി; പലരും മൃതശരീരങ്ങളായും. യുവാക്കളിൽ നല്ലൊരു ഭാഗവും ലഹരിയിൽ മുങ്ങിത്താണു. അപ്പോഴും ആദിവാസി ക്ഷേമത്തിന്റെ പേരിൽ ലക്ഷങ്ങൾ ചെലവഴിക്കുന്നതായി നാം കണക്കു നിരത്തുന്നു.

ഈ പ്രശ്നങ്ങളെല്ലാം ഒരു പരിധിവരെ പൊതുസമൂഹം തിരിച്ചറിഞ്ഞു കഴിഞ്ഞിട്ടുണ്ട്. പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ആരും ഗൗനിക്കുന്നില്ലെന്നു മാത്രം! അവരുടെ പ്രശ്നങ്ങളിൽ എന്തിന് മറ്റുള്ളവർ വേവലാതിപ്പെടണം? നാം ഉടമകളും ആദിവാസികൾ അടിമകളുമാണല്ലോ! (അവരുടെ ഊരുകളെ കുറിക്കാൻ നമ്മൾ പ്രയോഗിക്കുന്ന 'കോളനി' എന്ന പദത്തിന്റെ ധ്വനി മറ്റെന്താണ്?)

എന്നാൽ പൊതു സമൂഹമോ, മാധ്യമങ്ങളോ മാത്രമല്ല, ഗോത്രജനതയും വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ലാത്ത മറ്റൊരു വെല്ലുവിളി ഇനിയും കാണാതിരുന്നു കൂടാ. ആദിവാസി ഭാഷകളും കലകളും നേരിടുന്ന പ്രതിസന്ധിയാണത്. അവരുടെ തനതു കൂട്ടായ്മകൾ നശിക്കുകയും, സ്വത്വം നഷ്ടപ്പെടുകയും ചെയ്തതോടെയാണ് ഈ പ്രശ്നത്തിനും തുടക്കം കുറിക്കുന്നത്. മിക്ക ആദിവാസിഭാഷകളും ശക്തമായ ആശയവിനിമയോപാധിയായി നിലനിന്നപ്പോഴും അവയ്ക്കു സ്വന്തമായി ലിപിയില്ലാതെ വാമൊഴിയായി മാത്രം പ്രചരിച്ചു പോന്നവയാണെന്ന വസ്തുതയും അവയുടെ പതനം എളുപ്പമാക്കുന്നുണ്ട്. ഇപ്പോഴത്തെ ചുറ്റുപാടിൽ പ്രബല ആദിവാസി വിഭാഗങ്ങളായ പണിയർ, കുറുമർ, അടിയർ, കാട്ടു നായ്ക്കർ തുടങ്ങിയവർ ഉപയോഗിച്ചു വരുന്ന ഭാഷകൾ മൂന്നോ നാലോ പതിറ്റാണ്ടിനപ്പുറം അതിജീവിക്കുമോ എന്ന കാര്യം സംശയമാണ്.

ഗോത്രജനതയിൽ തന്നെ അഭ്യസ്തവിദ്യരായ പുതുതലമുറ തങ്ങളുടെ ഭാഷയേയും സംസ്കാരത്തെയും നോക്കിക്കാണുന്നത് തെല്ലൊരു അപകർഷ ബോധത്തോടെയാണ്. സ്വന്തം ഭാഷയ്ക്കുപരിയായി ഇംഗ്ലീഷിനെ പ്രതിഷ്ഠിക്കുന്ന മലയാളിയുടെ മനോഭാവത്തിനു സമാനമാണിത്.

വിദ്യാഭ്യാസ രംഗത്ത് ആദിവാസി വിദ്യാർത്ഥികൾ നേരിടുന്ന പിന്നാക്കാവസ്ഥയുടെ യഥാർത്ഥ കാരണം അവരുടെ ഭാഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. വിദ്യാലയങ്ങളിൽ

നിന്നുള്ള കൊഴിഞ്ഞുപോക്ക് പ്രൈമറി തലത്തിൽ പൂർണ്ണമായും ഇല്ലാതായെന്ന് സർവ്വേ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ നാം അവകാശപ്പെടാറുണ്ട്. വയനാട്ടിലെ ഒന്നോ രണ്ടോ ആദിവാസി ഊരുകളിൽ ചെന്ന് ഒരു പ്രാഥമിക അന്വേഷണം നടത്തിയാൽ തന്നെ ഈ അവകാശവാദം പൊളിയും. പാഠപുസ്തകവും യൂണിഫോമും, ഉച്ചഭക്ഷണവുമെല്ലാം സൗജന്യമായി നൽകിയിട്ടും, ഇവർക്കിടയിൽ കൊഴിഞ്ഞുപോക്ക് തുടരുന്നതിന്റെ കാരണമാണ് പരിശോധിക്കേണ്ടത്. ഉത്തരം ലളിതമാണ്: വിദ്യാലയങ്ങളിലെത്തുന്ന ഓരോ ആദിവാസി വിദ്യാർത്ഥിയും അവന്റെ സാംസ്കാരിക പശ്ചാത്തലവും ഭാഷയും അവഗണിക്കപ്പെടുന്നതിനു സാക്ഷിയാകേണ്ടി വരുന്നു. അതിന്റെ പേരിൽ സഹപാഠികളുടെ പരിഹാസത്തിനു പാത്രമാവുന്നു. അവനെ സംബന്ധിച്ച് ഒട്ടും ജീവിതഗന്ധിയല്ലാത്ത പഠന പ്രവർത്തനങ്ങളാണ് അവിടെ പ്രയോഗിച്ചു വരുന്നത്. ഇത്തരം പ്രതിസന്ധികളെ അതിജീവിക്കാനുള്ള കരുത്തും, ആവശ്യബോധവും ചെറിയൊരു വിഭാഗത്തിനെങ്കിലും ഇല്ലാതെ പോകുന്നതുകാരണം കൊഴിഞ്ഞു പോക്ക് ഒരു യാഥാർത്ഥ്യമായി നില നിൽക്കുന്നു.

ഗോത്രജനതയുടെ ഭാഷയെയും സാസ്കാരികത്തനിമയെയും അവഗണിക്കാതെ തന്നെ, അവർക്കു മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളും വിദ്യാഭ്യാസവും നൽകാൻ പദ്ധതികളാവിഷ്കരിക്കേണ്ടതുണ്ട്. ആദിവാസി വിദ്യാർത്ഥികൾ കൂടുതലുള്ള വിദ്യാലയങ്ങളിൽ പ്രാഥമിക തലത്തിലേക്കായി അവരുടെ ഭാഷയിലുള്ള പാഠാവലികളും പഠനപ്രവർത്തനങ്ങളും തയ്യാറാക്കാവുന്നതാണ്. ഗോത്രജനതയുടെ കലാരൂപങ്ങൾ ഡോക്യുമെന്റ് ചെയ്യാനും ക്ലാസ്സ് മുറികളിൽ അവ പ്രയോജനപ്പെടുത്താനും സാധിക്കണം. ഇത്തരം മേഖലകളിലെ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപകർക്കു വിദഗ്ധപരിശീലനം ലഭ്യമാക്കുകയും വേണം.

ആദിവാസി ഭാഷകളും കലകളും സംരക്ഷിക്കുന്നതിൽ മാധ്യമങ്ങൾക്കും അനൗപചാരിക ഏജൻസികൾക്കും പങ്കു വഹിക്കാനുണ്ട്. വയനാട്ടിൽ നിന്നുള്ള പ്രഥമ എഫ്. എം. റേഡിയോ ആയ 'മാറ്റൊലി' ആദിവാസി ഭാഷകളിൽ വാർത്തകൾ പ്രക്ഷേപണം ചെയ്യുന്നതും, ഗോത്രകലകൾക്ക് പ്രാധാന്യം നൽകുന്നതും പ്രശംസനീയമായ മാതൃകയാണ്.

ഭാഷയുടെ മരണം സംസ്കാരത്തിന്റെ മരണമാണെന്നും, അതു സൃഷ്ടിക്കുന്ന സാമൂഹികപ്രത്യാഘാതങ്ങൾ നമ്മുടെ കണക്കു കൂട്ടലുകൾക്കപ്പുറമാണെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. അസംഘടിതരും പാർശ്വവത്കൃതരുമായ ആദിവാസി ജനവിഭാഗങ്ങളുടെ ഭാഷകളും സാംസ്കാരിക പാരമ്പര്യവും സംരക്ഷിക്കപ്പെടേണ്ടത് പൊതുസമൂഹത്തിന്റെ കൂടി ആവശ്യമാകുന്നത് അതുകൊണ്ടാണ്. മിക്കഗോത്ര ഭാഷകളും ഊർദ്ധ്വൻ വലിച്ചു തുടങ്ങിയ ഈ വേളയിലെങ്കിലും അതിനുള്ള ശ്രമങ്ങൾ നാം നടത്തിയേ മതിയാകൂ.

***